(എ) 30-11-2010-ലെ G.O(Rt) No.1809/2010/PWD പ്രകാരം പൊതുമരാമത്ത് വകുപ്പ് ഭരണാനുമതി നൽകിയ upgradation പ്രവൃത്തികളിൽ നിലമ്പൂർ നിയോജകമണ്ഡലത്തിലെ എത്ര പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇവ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ ;

(സി) പാലുണ്ട-മുണ്ടേരി റോഡ് (km 7 to 7/500 and to 17/250), ചുങ്കത്തറ-കുറ്റിമുണ്ട റോഡ് (km. 0 to 6/250), ചുള്ളിയോട്- പാട്ടക്കരിമ്പ് റോഡ് (km. 0 to 6/530), വഴിക്കടവ്-ചക്കരപ്പാടം റോഡ് (km. 2/500 to 5/340), എടക്കര-അമരമ്പലം-വാണിയമ്പലം റോഡ് (km. 10/600 to 14/500 and 19/000 to 21/800), എടക്കര-മമുത റോഡ് (km. 2/000 to 4/000 and 7/000 to12/800), നിലമ്പൂർ-കരുളായി റോഡ് (Km. 2/600 to 5/250), നിലമ്പൂർ-വാളത്തോട് റോഡ് (Km.2/400 to 3/000,4/500 to 5/000 and 4/600 to 6/800), അകമ്പാടം-പതാർ-പോത്തുകല്ല് റോഡ് (km.0/000 to 4/600 and 6/100 to 6/400), ഉപ്പട-ചെമ്പൻകൊല്ലി-പള്ളിപ്പടി റോഡ് (Km. 0/000 to 5/200) എന്നിവയിൽ ഏതെങ്കിലും പ്രവൃത്തികൾ മേൽപ്പറഞ്ഞ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) ഉൾപ്പെട്ടിട്ടില്ല. എന്നാൽ രണ്ടാം ഘട്ടത്തിൽ ഭരണാനുമതി നൽകിയ ലിസ്റ്റിൽ G.O. (Rt) No. 1924/10/PWD dated 23-12-2010 പ്രകാരം 261 ലക്ഷം രൂപയുടെ ആറു പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

**മലപ്പുറം ജില്ലയിൽ ആരംഭിച്ച പ്രവൃത്തികൾ**

166 (2266) ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പൊതുമരാമത്ത് വകുപ്പ് മുഖേന എത്ര രൂപയുടെ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട് ;

(ബി) ഏതെല്ലാം പ്രവൃത്തികൾക്കാണ് തുക അനുവദിച്ചത് എന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ദേശീയപാതാ വിഭാഗത്തിൽ കേന്ദ്ര ഉപരിതല മന്ത്രാലയത്തിൽ നിന്നും വിവിധ പദ്ധതികൾക്കായി (110 കോടി രൂപ) അനുമതി ലഭിക്കുകയും ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കെട്ടിട വിഭാഗത്തിൻ കീഴിൽ 4623.48 ലക്ഷം രൂപയുടെ പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ട്. നിരത്തുകളും പാലങ്ങളും വിഭാഗത്തെ സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ദേശീയപാതാ വിഭാഗത്തിന് കീഴിൽ ആരംഭിച്ച പദ്ധതികളുടെ വിവരം അനുബന്ധം എ ആയും കെട്ടിടവിഭാഗത്തിന്റെ കീഴിലുള്ള പ്രവൃത്തികളുടെ പേരും എസ്റ്റിമേറ്റ് തുകയും അനുബന്ധം ബി ആയും ചേർത്തിരിക്കുന്നു.*

**പരപ്പനങ്ങാടി-അരീക്കോട് പാതയിലെ ഗതാഗതതടസ്സം**

**167 (2267)** ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരപ്പനങ്ങാടി-അരീക്കോട് സംസ്ഥാന പാതയിൽ തോട്ടശ്ശേരിയറ യിൽ വെള്ളക്കെട്ടും റോഡുതകർച്ചയുംമൂലം ഗതാഗത തടസ്സമുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) തോട്ടശ്ശേരിയറയിലെ ഗതാഗത തടസ്സം ഒഴിവാക്കുന്നതിനും അഴുക്കു ചാലിന്റെയും, റോഡിന്റെയും ഘടനയിൽ മാറ്റം വരുത്തുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്

(ബി) തോട്ടശ്ശേരിയറ ഇല്ലത്തുമാട് റോഡിലും അനുബന്ധ റോഡിലും വെള്ളക്കെട്ടു നിവാരണത്തിനും നവീകരണം പാച്ച് വർക്ക് മുതലായവ ചെയ്യുന്ന നടപടികൾ എടുത്തിട്ടുണ്ട്.

**നൂറാടിപ്പാലം അപ്രോച്ച് റോഡ്**

**168 (2268)** ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം നൂറാടിപ്പാലം അപ്രോച്ച് റോഡിന്റെ നിർമ്മാണത്തിന് ഭൂമി വിട്ടുകൊടുത്തവർക്ക് നഷ്ടപരിഹാരം നൽകുന്നതിന് സർക്കാർ തുക അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര തുക അനുവദിച്ചിട്ടുണ്ട് ;

(ബി) കോടതി വിധി ഉണ്ടായിട്ടും അവാർഡ് പാസ്സാക്കി വസ്തു ഉടമകൾക്ക് നഷ്ടപരിഹാരംനൽകുവാനുള്ള കാലതാമസം എന്താണ് ;

(സി) തുക എന്നത്തേക്ക് വിതരണം ചെയ്യാനാകുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) നൂറാടിപ്പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിന് ഭൂമി വിട്ടു കൊടുത്തവർക്ക് നഷ്ടപരിഹാരം നൽകുന്നതിനായി സർക്കാർ 606 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly